**ശ്രദ്ധ ക്ഷണിക്കൽ**

(1) കേന്ദ്ര വിഹിതവും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതവും സമയബന്ധിതമായിലഭ്യമാക്കൽ

ശ്രീ. പി. നന്ദകുമാർ: സർ, കേന്ദ്രസർക്കാർ സംസ്ഥാനത്ത് സാമ്പത്തിക ഉപരോധം ഏർപ്പെടുത്തുകയാണല്ലോ. കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ഫണ്ട് അനുവദിക്കുന്നില്ല. ഇതിന്റെ ഫലമായി പദ്ധതികൾ അട്ടിമറിക്കപ്പെടുകയാണ്. ഉദാഹരണത്തിന് NHM (National Health Mission)-ന്റെ പദ്ധതികൾ പരിശോധിക്കാം. JSSK (Janani Shishu Suraksha Karyakaram) പദ്ധതി, ഹൃദ്യം പദ്ധതി, ഇൻഷ്വറൻസ് പദ്ധതികൾ, ഡയാലിസിസ് അടക്കം തടസ്സപ്പെടുന്നു. ജീവനക്കാരുടെ ആനുകൂല്യങ്ങൾ മുടങ്ങുകയാണ്. കേരളത്തിന്റെ ആരോഗ്യമേഖലയെ തകർക്കുന്നതാണ് കേന്ദ്രസർക്കാർ സമീപനം. 1055 കോടി രൂപയാണ് NHM-ന് കേന്ദ്രത്തിൽനിന്നും ലഭിക്കാനുള്ളത്. മറ്റൊരു പദ്ധതിയായ നെല്ല് സംഭരണം അട്ടിമറിക്കപ്പെടുകയാണ്. 1078 കോടി രൂപയാണ് നെല്ല് സംഭരിച്ച വകയിൽ ലഭിക്കാനുള്ളത്. നിരവധി പദ്ധതികൾ വേറെയുമുണ്ട്. കേന്ദ്രത്തിന്റെ ക്രൂരമായ നടപടി സംസ്ഥാനത്തിന്റെ

വികസനത്തെ സാരമായി ബാധിക്കുന്നു. കേന്ദ്രവിഹിതം നേടിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ നടത്തിയതെന്ന് വ്യക്തമാക്കണമെന്നാണ് ഈ ശ്രദ്ധ ക്ഷണിക്കലിലൂടെ ആവശ്യപ്പെടുന്നത്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കേന്ദ്രവിഹിതം അനുവദിക്കുന്ന കാര്യത്തിൽ വിവേചനപരമായ കേന്ദ്രസർക്കാർ നിലപാട് തിരുത്തണമെന്ന ആവശ്യം സംസ്ഥാന സർക്കാർ നിരന്തരമായി വിവിധ വേദികളിൽ ഉന്നയിച്ചിട്ടുണ്ട്. കേന്ദ്രനികുതി വിഹിതം 10-ാം ധനകാര്യകമ്മീഷന്റെ കാലത്തെ 3.88 ശതമാനത്തിൽ നിന്നും 15-ാം ധനകാര്യകമ്മീഷന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 1.925 ശതമാനായി കുറഞ്ഞു. ഇത് നമ്മൾ പലതവണ ചർച്ച ചെയ്തിട്ടുള്ളതാണ്. കേന്ദ്രഗ്രാന്റുകളും പദ്ധതി വിഹിതങ്ങളും ചുരുക്കിയിട്ടുണ്ട്. വായ്പാപരിധിപോലും വെട്ടിക്കുറച്ചു. ഇത്തരം നിലപാടുകൾക്കെതിരെ നിയമനടപടികളുൾപ്പെടെ വിവിധ ഇടപെടലുകളാണ് സംസ്ഥാന സർക്കാർ നടത്തിവരുന്നത്. നമ്മൾ സഭയിൽ ഇക്കാര്യം സംയുക്തമായി ചർച്ച ചെയ്തിട്ടുമുണ്ട്. ഇക്കാര്യത്തിനായി ഡൽഹിയിലുൾപ്പെടെ പോയിട്ടുണ്ട്, കോടതിയെയും സമീപിച്ചിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത പദ്ധതികളിൽ കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബ്രാൻഡിംഗ് നെയിമിംഗ് മാർഗ്ഗനിർദ്ദേശങ്ങളുൾപ്പെടെ പല കാര്യങ്ങളും ഉന്നയിച്ച് NHM പോലെയുള്ള പദ്ധതികളുടെ കേന്ദ്രവിഹിതം തടസ്സപ്പെടുത്തുന്നുണ്ട്. സംസ്ഥാന വിഹിതംകൂടി ചെലവഴിക്കുന്ന പദ്ധതികൾ കേന്ദ്രസർക്കാർ നിർദ്ദേശിക്കുന്ന ബ്രാൻഡിംഗിനുപകരമായി സംസ്ഥാനത്തെക്കൂടി പരിഗണിക്കുന്ന കോ-ബ്രാൻഡിംഗ് പോലും അംഗീകരിക്കുന്നില്ല. NHM പോലെയുള്ള പദ്ധതികളുടെ കേന്ദ്രവിഹിതം ലഭ്യമാകാതിരിക്കുന്ന സന്ദർഭത്തിൽപ്പോലും സാമ്പത്തിക ബുദ്ധിമുട്ടുകൾക്കിടയിൽനിന്നും പ്രസ്തുത പദ്ധതിപ്രവർത്തനങ്ങൾക്കായി കഴിയുന്നത്ര തുക സംസ്ഥാനം ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. കുടിശ്ശികയിനത്തിൽ കേന്ദ്രസർക്കാരിൽനിന്നും ലഭിക്കാനുള്ള ബാക്കിവിഹിതം നേടിയെടുക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പുസെക്രട്ടറി തലത്തിൽ കേന്ദ്രസർക്കാർ മന്ത്രാലയങ്ങളുമായി ചർച്ച നടത്തി ഫണ്ട് എത്രയുംവേഗം നേടിയെടുക്കാൻ 30-11-2023-ന് ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയുടെ നോട്ട് മുഖേന ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ 08-08-2023-ൽ കൂടിയ യോഗതീരുമാനപ്രകാരം സംസ്ഥാനത്ത് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ സംബന്ധിച്ച വിശദമായ പഠനം നടത്തുന്നതിനായി ചീഫ് സെക്രട്ടറി ചെയർമാനും പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർമാനും ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറും കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കിവരുന്ന വകുപ്പുകളിലെ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറിമാർ അംഗങ്ങളായിട്ടുള്ളവർ ചേർന്നുള്ള ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയുടെ ആദ്യയോഗം 14-12-2023-ന് ചേരുകയുണ്ടായി. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് ഡയറക്ടറുടെ അധ്യക്ഷതയിൽ 10-05-2024 മുതൽ 25-05-2024 വരെ ബന്ധപ്പെട്ട 33 വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുമായി One to One മീറ്റിംഗ് നടത്തുകയും കേന്ദ്രാവിഷ്കൃത പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട വിവരശേഖരണം നടത്തിവരികയും ചെയ്യുന്നു. കേന്ദ്രസഹായ പദ്ധതികളിൽനിന്നും വേറിട്ടുനിൽക്കുന്ന മൂലധനചെലവിനായി

അനുവദിക്കുന്ന Special Central Assistance for Capital Expenditure വായ്പകളും (CAPEX) അതിനുപോലും കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ബ്രാൻഡിംഗ് നെയിമിംഗ് പൂർത്തീകരണത്തിലെ തടസ്സം ഉന്നയിച്ച് വായ്പ കൈമാറാതിരിക്കുന്ന സ്ഥിതി വിശേഷമാണുള്ളത്. വിഴിഞ്ഞം പദ്ധതിക്കായി CAPEX അനുസരിച്ച് ചോദിച്ച 50 വർഷക്കാലത്തെ പരിധിയുള്ള പ്രത്യേക വായ്പ പോലും അനുവദിക്കാൻ തയ്യാറായിട്ടില്ല. കൂടാതെ, 2021-22 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനായി ആവിഷ്കരിച്ച SNA (System of National Accounts) സംവിധാനത്തിൽ കേന്ദ്രസർക്കാർ അടിക്കടി കൊണ്ടുവരുന്ന പല വിധത്തിലുള്ള നിബന്ധനകൾ കാരണം സാങ്കേതികമായി ബുദ്ധിമുട്ടുകളുണ്ടാകുകയും അവ പദ്ധതി നിർവ്വഹണത്തെ ഒരളവ് വരെ പ്രതികൂലമായി ബാധിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കുടിശ്ശിക കേന്ദ്രസർക്കാരിൽനിന്നും നേടിയെടുക്കുന്നതിനുവേണ്ടി വിവിധ വകുപ്പുകൾ അതത് കേന്ദ്രമന്ത്രാലയങ്ങളുമായി നിരന്തരം ബന്ധപ്പെടുകയും കത്തിടപാടുകൾ നടത്തുകയും ചെയ്യുന്നുണ്ട്. വിനിയോഗ സാക്ഷ്യപത്രം സമയബന്ധിതമായി നൽകിക്കൊണ്ടും മറ്റ് സാങ്കേതിക നടപടിക്രമങ്ങൾ

പൂർത്തിയാക്കിക്കൊണ്ടും ഈ തുക നേടിയെടുക്കുന്നതിനായി പദ്ധതി നിർവ്വഹണം നടത്തുന്ന എല്ലാ വകുപ്പുസെക്രട്ടറിമാരുടെ തലത്തിലും ത്വരിത നടപടികളാണ് സ്വീകരിച്ചുവരുന്നത്. ഭരണപരമായ നടപടികൾക്കൊപ്പം കേരളം ഒറ്റക്കെട്ടായി സംസ്ഥാനത്തിന് അർഹമായ നികുതിവിഹിതം ലഭിക്കാൻ, ഗ്രാന്റുകൾ ലഭിക്കാൻ കൂട്ടായ പരിശ്രമം നടത്തേണ്ടതുണ്ട്. കേന്ദ്രസർക്കാരിന്റെ നിലപാട് തിരുത്തുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ശക്തമായി ഇനിയും തുടരുന്നതാണ്. ഇതിനോടൊപ്പം പണം വെട്ടിക്കുറച്ചതിന്റെ ഭാഗമായി വലിയതോതിൽ പണം പകരമായി സംസ്ഥാനം നൽകേണ്ടിവരുന്നു. ഉദാഹരണത്തിന് 1000 കോടി രൂപയോളമാണ് NHM-ന്റെ മാത്രമായി നമുക്ക് ലഭിക്കാനുള്ളത്. അതിന് പകരമായി സംസ്ഥാന സർക്കാരിന് സംസ്ഥാന വിഹിതത്തിൽനിന്നും നൽകേണ്ട സാഹചര്യമാണ് തുടരുന്നത്. സപ്ലൈകോ ഉൾപ്പെടെയുള്ള പല കാര്യങ്ങളും മുമ്പ് സൂചിപ്പിച്ചിട്ടുള്ളതാണ്. 1000 കോടി രൂപയോളമാണ് നെല്ല് സംഭരണവുമായി ബന്ധപ്പെട്ട് ലഭിക്കാനുള്ളത്. ഇതുപോലെ കേന്ദ്രവിഹിതത്തിന്റെ പല മേഖലകളിലെയും പണം ലഭിക്കാനുണ്ട്. വിദ്യാഭ്യാസ മേഖല മുതൽ എല്ലാ

മേഖലകളിലും അത് നൽകുന്നില്ലെന്നുള്ള പ്രശ്നമുണ്ട്. എന്നാൽ ആകെ സ്തംഭനാവസ്ഥയിൽ പോകാതിരിക്കാൻ സംസ്ഥാനം ശ്രമിക്കുന്നുണ്ട്. എന്നാൽ സംസ്ഥാനത്തിന് കഴിയുന്ന പരിധിക്ക് അപ്പുറത്തേയ്ക്കാണ് പണം നൽകാതിരിക്കുന്ന സ്ഥിതി തുടരുന്നത്.

ശ്രീ. പി. നന്ദകുമാർ: സർ, കേന്ദ്ര നിബന്ധനകൾ പാലിക്കപ്പെടാത്തതുകൊണ്ടാണ് ഫണ്ട് ലഭിക്കാത്തതെന്ന് പ്രതിപക്ഷവും ചില മാധ്യമങ്ങളും പ്രചരിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, കേന്ദ്ര നിബന്ധനകൾ ഏറ്റവും കൃത്യമായി പാലിക്കാനാണ് സംസ്ഥാന സർക്കാർ ശ്രമിക്കുന്നത്. രണ്ട് കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം ശ്രദ്ധക്ഷണിക്കലിലൂടെ ഉന്നയിച്ചത്. ഒന്ന്, കേന്ദ്ര ഗവൺമെന്റ് സംസ്ഥാനത്തിന് തരാനുള്ള നികുതിയുൾപ്പെടെയുള്ള ന്യായമായ വിഹിതങ്ങളിൽ കേന്ദ്ര സർക്കാർ മാനദണ്ഡം വരുത്തിയിരുന്നു. പത്താം ധനകാര്യ കമ്മീഷനിൽനിന്ന് ലഭിക്കുന്ന വിഹിതത്തിൽനിന്നും നേരെ പകുതിയായി നമ്മുടെ സംസ്ഥാനത്തിന്റെ വിഹിതം കുറയ്ക്കുകയുണ്ടായി. തൊട്ടുമുമ്പുള്ള ധനകാര്യ കമ്മീഷനിൽനിന്നും ഈ ധനകാര്യ കമ്മീഷൻ

വന്നപ്പോൾ ഒരു വർഷം ഏകദേശം എണ്ണായിരം കോടി രൂപയുടെ വ്യത്യാസമാണുള്ളത്. പത്താം ധനകാര്യ കമ്മീഷന്റെ കണക്കുപ്രകാരം നമുക്ക് ഒരു വർഷം ഇരുപത്തി നാലായിരം കോടി രൂപയുടെ നഷ്ടം സംഭവിക്കുന്നുണ്ട്. കാരണം ഇരുപത്തി നാലായിരം കോടി രൂപയാണ് ഈ വർഷം ഡിവിസിബിൾ പൂളിൽനിന്നും ലഭ്യമാകാൻ പോകുന്നത്. ഇതുപോലെ ഓരോ മേഖലകളിലും വെട്ടികുറയ്ക്കലുകളുണ്ട്. കടമെടുക്കാനുള്ള പരിധിപോലും വെട്ടിക്കുറയ്ക്കുന്നു. 2023-24-ലെ ഏറ്റവും ഒടുവിലുള്ള എ.ജി.-യുടെ പ്രഥമിക ഓഡിറ്റ് റിപ്പോർട്ട് പ്രകാരം തൊട്ട് മുമ്പുള്ള വർഷം ലഭിച്ചിരുന്നതിൽനിന്നും പതിമൂവായിരം കോടി രൂപയാണ് ഇപ്രാവശ്യം ഗ്രാന്റ് ഇനത്തിൽ മാത്രം കുറവുണ്ടായത്. ഇത് അക്കൗണ്ടന്റ് ജനറലിന്റെ കണക്കാണ്, അല്ലാതെ സംസ്ഥാന ഗവൺമെന്റ് തയ്യാറാക്കുന്ന കണക്കല്ല. പതിമൂവായിരം കോടി രൂപയാണ് ഈ ഇനത്തിൽ കുറവ് വന്നത്. കടമെടുക്കാനുള്ള പരിധിയിലുള്ള കുറവിനെക്കുറിച്ച് അങ്ങേയ്ക്ക് അറിവുള്ളതാണല്ലോ. നിയമപരമായി 3.5 ശതമാനം കടമെടുക്കാനുള്ള അവകാശമുണ്ട്. പക്ഷേ കഴിഞ്ഞതിന്റെ മുമ്പുള്ള വർഷം 2.44 ശതമാനവും തൊട്ട് മുമ്പുള്ള വർഷം 2.8 ശതമാനവും മാത്രമെ

കടമെടുക്കാൻ അനുവദിച്ചിട്ടുള്ളൂ. ഈ രണ്ട് വർഷങ്ങളിലും അനുവദിച്ച ലോണിലെ കുറവ് കണക്കാക്കിയാൽ പത്തൊൻപതിനായിരം കോടി രൂപയാണ് അനുവദിച്ച ലോണിൽനിന്ന് കുറവ് വന്നത്. ഇത്തരത്തിൽ ചെയ്യുന്നതാണ് ഒരു വശം. ഏത് മാധ്യമങ്ങളായാലും രാഷ്ട്രീയമായി വെറുക്കുന്ന ആളുകളായാലും ഇക്കാര്യം പറയുന്നതിൽ വസ്തുതയില്ല. രണ്ടാമത്തേത്, കേന്ദ്രാവിഷ്കൃത പദ്ധതികളുമായി ബന്ധപ്പെട്ടവയിൽ പലതിനും കണക്ക് കൊടുക്കാത്ത പ്രശ്നമാണ്. ആരോഗ്യ വകുപ്പ്, സിവിൽ സപ്ലൈസ് വകുപ്പുകളുൾപ്പെടെ മന്ത്രിമാരും ഉയർന്ന ഉദ്യോഗസ്ഥന്മാരുമുൾപ്പെടെ അവിടെ പോകുകയും ആവശ്യമായ കാര്യങ്ങൾ ചെയ്യുകയും പറയുകയുമൊക്കെ ചെയ്തിട്ടും എന്തെങ്കിലും കാരണങ്ങൾ പറഞ്ഞ് ഇത് തട്ടി നീക്കുകയാണ് ചെയ്യുന്നത്. യു.ജി.സി.-യുടെ പണം രണ്ട്മൂന്ന് വർഷങ്ങൾക്ക് മുമ്പ് ലഭിക്കേണ്ടതായിരുന്നു. നമുക്ക് ലഭിക്കേണ്ട തുകയുടെ 50 ശതമാനം യു.ജി.സി.-യും ബാക്കി 50 ശതമാനം നമ്മൾതന്നെ നൽകുകയും വേണം. ഓരോ ന്യായങ്ങൾ പറഞ്ഞ് യു.ജി.സി. തന്നെ ഇത് നൽകാതിരിക്കുകയാണ്. ഇങ്ങനെയുള്ള സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. ഇത് കേരളത്തിന്റെ ആകെയുള്ള

പ്രശ്നമാണ്. അതുകൊണ്ട് പ്രചരണം നടത്തിയോ പ്രതിപക്ഷമെന്ന നിലയിലോ അല്ലെങ്കിൽ രാഷ്ട്രീയമെന്ന നിലയിലോ മാധ്യമങ്ങൾക്ക് ഈ വിഷയങ്ങൾ പറയാം. പക്ഷേ, സംസ്ഥാനത്തിന് ലഭിക്കേണ്ട വിഹിതം ലഭിക്കാതിരുന്നാൽ അത് സംസ്ഥാനത്തെ ആകെ ബാധിക്കുമെന്ന നിലയിൽതന്നെ ആ വസ്തുത എടുക്കേണ്ടതാണ്. എന്തായാലും സംസ്ഥാന ഗവൺമെന്റ് ഇക്കാര്യങ്ങൾ കൃത്യമായി ചെയ്യുന്നതിനായി നടപടി സ്വീകരിക്കുന്നുണ്ട്.

2) <u>ക്രിമിനൽ പശ്ചാത്തലമുള്ള ഉദ്യോഗസ്ഥരെ പോലീസ് സേനയിൽനിന്നും നീക്കം ചെയ്യൽ</u>

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഞാൻ ഇന്ന് സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്ന കാര്യം കേരളത്തിലെ മുഴുവൻ പോലീസുകാരെയും ഉദ്ദേശിച്ചുകൊണ്ടല്ല. ഏകദേശം 66,000 പോലീസ് സേനാംഗങ്ങൾ കേരളത്തിലെ പോലീസ് വകുപ്പിലുണ്ട്. കേരളത്തിലെ പോലീസ് സേന കുറ്റാന്വേഷണങ്ങളിലെല്ലാം മികവുറ്റതാണ്. രാജ്യത്തുതന്നെ എടുത്തുപറയാൻ കഴിയുന്ന പോലീസ് ഉദ്യോഗസ്ഥരുള്ള ഒരു സേനാ വിഭാഗമാണ് കേരളത്തിലെ പോലീസ് സേന. അവരെ അടച്ചാക്ഷേപിക്കാനുള്ള ശ്രദ്ധ ക്ഷണിക്കലല്ല ഇത്. പോലീസ് ഉദ്യോഗസ്ഥരുടെ പേരിൽ കേരളത്തിൽ ഇന്ന് ഏകദേശം 828

ക്രിമിനൽ കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. പോലീസ് സേനാംഗങ്ങൾക്കിടയിൽ 828 ക്രിമിനൽ കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ഡോ. മാത്യു കുഴൽനാടൻ 05-12-2022-ൽ ഒരു ചോദ്യത്തിന് മറുപടിയായി ലഭിച്ചത്. പിന്നീട് ശ്രീ. എച്ച്. സലാം ചോദിച്ച ചോദ്യത്തിന് 105 ഉദ്യോഗസ്ഥന്മാരെ പിരിച്ചുവിട്ടിട്ടുണ്ടെന്ന് ഉത്തരം നൽകിയിരിക്കുന്നത്. മേൽപ്പറഞ്ഞ 828 പേരിൽ 105 പേരെ പിരിച്ചുവിട്ടതായി പറഞ്ഞിട്ടുണ്ട്. ഇതുകൂടാതെ വിവിധ കേസുകളിൽ ഉൾപ്പെട്ടിരിക്കുന്ന സർക്കാർ ജീവനക്കാരുടെ എണ്ണം ഞാൻ പരിശോധിച്ചിരുന്നു. ഏകദേശം എല്ലാ കേന്ദ്ര-സംസ്ഥാന ജീവനക്കാരെയും പരിഗണിച്ചാൽ 1389 സർക്കാർ ജീവനക്കാരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ് ശ്രീ. വി. ആർ. സുനിൽ കുമാർ ചോദിച്ച ചോദ്യത്തിന് മറുപടി ലഭിച്ചത്. 828 പേർ പോലീസ് സേനയിലുള്ള ക്രിമിനൽ കേസുകളിലെ പ്രതികളാണ്, അതിൽ 105 പേരെ സർവ്വീസിൽനിന്നും പിരിച്ചുവിടുകയും ചെയ്തു. എന്തുകൊണ്ട് ബാക്കിയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കുന്നില്ല; ആരാണ് ഇവരെ സംരക്ഷിക്കുന്നത്? 66,000 പോലീസ് ഉദ്യോഗസ്ഥരിൽ ഏകദേശം ഒരു

ശതമാനത്തിന് മുകളിൽ മാത്രമെ ക്രിമിനൽ ആക്ടിവിറ്റിയുമായി ബന്ധപ്പെട്ടതും ഗുണ്ടകളുമായി ബന്ധപ്പെട്ടതുമായ പോലീസ് ഉദ്യോഗസ്ഥരുള്ളൂ. ഇവിടെ സൂചിപ്പിച്ച 66,000 പോലീസ് ഉദ്യോഗസ്ഥർക്കും ചീത്തപ്പേര് കേൾപ്പിച്ചുകൊണ്ടിരിക്കുന്നത് ഇത്തരം ക്രിമിനൽ പശ്ചാത്തലമുള്ള പോലീസ് ഉദ്യോഗസ്ഥരാണ്. അവർക്കെതിരെ എന്തുകൊണ്ട് ശക്തമായ നടപടി സ്വീകരിക്കുന്നില്ല? ചില കേസുകളിൽ ഇത്തരം പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യുമെന്ന് പത്രങ്ങളിലും ന്യൂസ് ചാനലുകളിലുമൊക്കെ വലിയ വാർത്തകൾ വരികയും പിന്നീട് അത് വലിയ പ്രശ്നവും പ്രതിഷേധവുമൊക്കെ ആകുമ്പോൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും കർശന നടപടി സ്വീകരിച്ച് അവരെ സസ്പെന്റ് ചെയ്യുമെന്ന് പറയുകയും ചെയ്യും. പക്ഷെ കുറച്ചു നാളുകൾ കഴിയുമ്പോൾ ജനങ്ങളും മാധ്യമങ്ങളുമൊക്കെ ഇക്കാര്യം മറക്കുകയും പിന്നീട് ഈ പോലീസ് ഉദ്യോഗസ്ഥർ ലോ ആൻഡ് ഓർഡറിൽ തിരികെ സർവ്വീസിൽ കയറുന്ന സാഹചര്യമാണുള്ളത്. ഇത് വളരെ ഗൗരവമായ വിഷയമാണ്. ഇത് കേരളത്തിലെ ജനങ്ങളുടെ സംരക്ഷണത്തിനായി ഉത്തരവാദിത്വമുള്ള പോലീസുകാർ ക്രിമിനലുകളാകുന്ന വിഷയത്തെക്കുറിച്ചാണ് ഞാൻ

സൂചിപ്പിക്കുന്നത്. സസ്പെൻഷൻ കഴിഞ്ഞ് ഇത്തരം ഉദ്യോഗസ്ഥർ വീണ്ടും ഉത്തരവാദിത്വപ്പെട്ട താക്കോൽ സ്ഥാനത്ത് വരികയാണ്. ഇത് ആരും അറിയുന്നില്ല. കാലാകാലങ്ങളിൽ വരുന്ന ചില ഭരണ നേതാക്കളുടെയും ആളുകളുടെയും സഹായത്തോടുകൂടി ഇവർ വീണ്ടും ലോ ആൻഡ് ഓർഡറിലേയ്ക്ക് വരികയാണ്. ഇവർ വീണ്ടും ഗുണ്ടകളുമായി ചേർന്ന് ഇത്തരം ആക്റ്റിവിറ്റികളിൽ ഏർപ്പെടുന്നു. കഴിഞ്ഞ ദിവസം ഒരു ഗുണ്ടയുടെ വീട്ടിൽ വിരുന്ന് സൽക്കാരത്തിൽ മുഖ്യ അതിഥിയായി ഡിവൈ.എസ്.പി. പങ്കെടുത്തിരുന്നു. ഡിവൈ.എസ്.പി. അവിടെ ഉണ്ടെന്ന് അറിയാതെ, അങ്കമാലി എസ്.ഐ. അവിടെ ചെല്ലുമ്പോൾ ബാത്ത്റൂമിൽ ഒരാൾ ഒളിച്ചിരിക്കുകയാണ്. ഗുണ്ടയെന്ന് കരുതി എസ്.ഐ. അറസ്റ്റ് ചെയ്തപ്പോഴാണ് അത് ഡിവൈ.എസ്.പി. സാബു ആണെന്ന് അറിയുന്നത്. ഡിവൈ.എസ്.പി.-യെ അറസ്റ്റ് ചെയ്യാൻ എസ്.ഐ.-ക്ക് അധികാരമുണ്ടോ? അവർക്ക് കൺഫ്യൂഷനായി. പക്ഷേ പിന്നീട് ബാക്കി നടപടിയിലേയ്ക്ക് പോയി. ഗുണ്ടാ മാഫിയയുമായി പോലീസിന് വലിയ ബന്ധമാണുള്ളത്. എന്റെ നാടായ ആലുവ നിയോജകമണ്ഡലത്തിൽ കൊണ്ടോട്ടി എന്ന സ്ഥലത്ത് ഞങ്ങളുടെ

സഹപ്രവർത്തകനായ സുലൈമാൻ പൊതുവാൻകുന്ന് എന്ന മുൻ പഞ്ചായത്ത് മെമ്പറെ അതിക്രൂരമായി ഗുണ്ടകൾ ആക്രമിച്ചു. ഇന്നും അദ്ദേഹത്തിന് ബോധം ശരിയായി വന്നിട്ടില്ല. അദ്ദേഹത്തിന്റെ മാനസികാവസ്ഥ തകർന്ന സ്ഥിതിയിലാണ്. ഈ സംഭവത്തെ തുടർന്ന് അവിടെ പോലീസ് വരികയും ഗുണ്ടകളെ അറസ്റ്റ് ചെയ്യുകയും നടപടിയെടുക്കുകയും ചെയ്തു. പക്ഷേ, പോലീസിന്റെ റിപ്പോർട്ട് പ്രകാരം ഗുണ്ടാ അക്രമം ലഘൂകരിക്കാനായി രണ്ട് പള്ളികൾ തമ്മിലുള്ള തർക്കമാണ് വിഷയമെന്നാണ് പറഞ്ഞത്. എന്നാൽ ഇത് പള്ളികൾ തമ്മിലുള്ള തർക്കമല്ല, പകരം ഗുണ്ട ആക്രമണമാണ് നടന്നത്. അതിനെ ലഘൂകരിക്കാനായി റൂറൽ എസ്.പി. അടക്കമുള്ള പോലീസ് ഉദ്യോഗസ്ഥർ ചമച്ചുണ്ടാക്കിയ കഥയാണിത്. ഇങ്ങനെ ഗുണ്ടകളെ ലഘൂകരിക്കാനായി പോലീസിന്റെ നടപടിക്രമങ്ങളാണിത്.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്, അങ്ങ് അവസാനിപ്പിക്കു, 5 മിനിറ്റിൽ കൂടുതലായി.

ശ്രീ. അൻവർ സാദത്ത്: സർ, അതുകൊണ്ട് ഇങ്ങനെയുള്ള ക്രിമിനൽ പോലീസുകാരെ എങ്ങനെ സർവ്വീസിൽനിന്ന് പിരിച്ചുവിടാൻ സാധിക്കുമെന്നാണ് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കുവേണ്ടി ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): ബഹുമാന്യനായ അംഗം ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിനുള്ള മറുപടി പറയുകയാണ്. മികച്ച ക്രമസമാധാനപാലനശേഷി കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിലും തടയുന്നതിലുമുള്ള മികവ്, ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി പൊതുജനസേവനം നടത്താനുള്ള പ്രാപ്തി, മയക്കുമരുന്ന് വ്യാപനം തടയുന്നതിനുള്ള ആർജ്ജവം എന്നിവയിലെല്ലാം കേരള പോലീസ് രാജ്യത്തുതന്നെ മുൻനിരയിലാണെന്നുള്ളത് ഏവർക്കും അറിയാവുന്ന കാര്യമാണ്. ജനസൗഹൃദസേവനം ഉറപ്പാക്കി കേരള പോലീസ് മുന്നേറുമ്പോഴും ഏതാനും ചില ഉദ്യോഗസ്ഥർ സേനയുടെ വിശ്വാസ്യത കളങ്കപ്പെടുത്തുന്ന പ്രവൃത്തികളിൽ ഏർപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ക്രിമിനൽ വാസനകളുള്ള ഇത്തരം ഉദ്യോഗസ്ഥരെ ഘട്ടംഘട്ടമായി സേനയിൽനിന്ന്

പുറത്താക്കുന്നതിന് ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടിട്ടുള്ള എല്ലാ ഉദ്യോഗസ്ഥർക്കുമെതിരെ കേസ് രജിസ്റ്റർ ചെയ്ത് ക്രിമിനൽ നിയമപ്രകാരമുള്ള നടപടികളും വകുപ്പുതല നടപടികളും സ്വീകരിക്കുന്നുണ്ട്. കുറ്റകൃത്യങ്ങളുടെ ഗൗരവത്തിന്റെ അടിസ്ഥാനത്തിൽ ശിക്ഷാനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അപ്രകാരം നടപടിക്രമങ്ങൾ പൂർത്തിയാക്കി കഴിഞ്ഞ എട്ട് വർഷത്തിനുള്ളിൽ 108 ഉദ്യോഗസ്ഥരെയാണ് സർവ്വീസിൽനിന്നും നീക്കം ചെയ്തിട്ടുള്ളത്. വിവിധ ശ്രേണിയിലുള്ള ഉദ്യോഗസ്ഥർക്കെതിരെയുള്ള നടപടികൾ തുടർന്നുവരുന്നുണ്ട്. ക്രിമിനലുകളെ കേരള പോലീസിൽ വച്ചുപൊറുപ്പിക്കില്ല എന്നതുതന്നെയാണ് സർക്കാർ നയം.

ശ്രീ. അൻവർ സാദത്ത്: സർ, നമ്മുടെ പോലീസ് ഉദ്യോഗസ്ഥരിൽ പല രീതിയിൽ മാനസിക സമ്മർദ്ദമുണ്ടാകുന്നുണ്ട്. മേലുദ്യോഗസ്ഥരും ഭരണകക്ഷി നേതാക്കളുമൊക്കെ സമ്മർദ്ദം ചെലുത്തുന്നുണ്ട്. ഈ സമ്മർദ്ദത്തിന്റെ ഭാഗമായി പല ഉദ്യോഗസ്ഥരും ആത്മഹത്യ ചെയ്യുകയാണ്. ഒരാഴ്ചയ്ക്കിടയിൽ അഞ്ച് പോലീസുദ്യോഗസ്ഥരാണ് ആത്മഹത്യ ചെയ്തത്. ഏകദേശം നൂറിൽപ്പരം

പോലീസ് ഉദ്യോഗസ്ഥർ വോളണ്ടറി റിട്ടയർമെന്റ് ആവശ്യപ്പെട്ടിരിക്കുകയാണ്. അത് ഗൗരവമായ വിഷയമാണ്. മാനസിക സമ്മർദ്ദഫലമായി പോലീസ് ഉദ്യോഗസ്ഥർ ആത്മഹത്യ ചെയ്യുന്നതും അവർ നേരിടുന്ന പ്രശ്നങ്ങളെ സംബന്ധിച്ചും വ്യക്തമായ അന്വേഷണം ഉണ്ടാകുമോ?

<u>ശ്രീമതി വീണാ ജോർജ്:</u> സർ, കഴിഞ്ഞ എട്ടുവർഷക്കാലം സംസ്ഥാനത്ത് പോലീസ് സേനയുടെ പ്രവർത്തനങ്ങളിൽ വലിയ മാറ്റം സംഭവിച്ചിട്ടുണ്ട്. ജനങ്ങൾക്കൊപ്പം നിൽക്കുന്ന ജനങ്ങൾക്കുവേണ്ടി ഇടപെടുന്ന ഒട്ടനവധി പദ്ധതികളുണ്ട്. ജനമൈത്രി പോലീസ് പോലെ സ്റ്റുഡന്റ് കേഡറ്റ് പോലീസ് പദ്ധതിയുമുണ്ട്. വനിതകൾക്ക് സ്വയം പ്രതിരോധപരിശീലന പദ്ധതികളുൾപ്പെടെ ഒട്ടനേകം പദ്ധതികളിലൂടെ മുന്നോട്ടുപോകുന്ന ഒരു ജനകീയ പോലീസ് സേനയാണ് സംസ്ഥാനത്തുള്ളത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രധാനപ്പെട്ട വിഷയം 108 പോലീസുകാർക്കെതിരെ നടപടികൾ സ്വീകരിച്ച് അവരെ പുറത്താക്കി അതോടൊപ്പം കേസുകളിൽപ്പെട്ടിട്ടും തുടരുന്ന ബാക്കിയുള്ളവർക്കെതിരെ നടപടിയെടുക്കുന്നില്ല എന്നതാണ്. അതിലൊരു വിഷയം ചൂണ്ടികാണിക്കാൻ ആഗ്രഹിക്കുകയാണ്. Kerala Police

Departmental Inquiries, Punishment and Appeal ചട്ടങ്ങൾ 10 A പ്രകാരം ഏതെങ്കിലും ഒരു കേസിൽ ഒരു പോലീസ് ഉദ്യോഗസ്ഥനെതിരെ കോടതിയിൽ കേസ് നടക്കുന്നുണ്ടെങ്കിൽ അതിന് വിധി വന്നതിനുശേഷമേ ഡിപ്പാർട്ട്മെന്റുതലത്തിലുള്ള നടപടികൾ സ്വീകരിക്കാൻപാടുള്ളൂ എന്നത് ഡിപ്പാർട്ട്മെന്റുതലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് സ്വാഭാവികമായി തടസ്സം സൃഷ്ടിക്കുന്നുണ്ട്. അതോടൊപ്പം ഇതിൽ പലപ്പോഴും നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥർ (Kerala Administrative Tribunal) KAT-നെയോ അല്ലെങ്കിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിച്ചുകൊണ്ട് ആ നടപടികൾ സ്റ്റേ ചെയ്യപ്പെടുന്ന സാഹചര്യവുമുണ്ട്. അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ നടപടികൾ സ്വീകരിക്കുന്നുണ്ടെങ്കിലും നിലവിൽ 108 പേരെയാണ് പുറത്താക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച വിഷയത്തിൽ ഡിപ്പാർട്ട്മെന്റ് തലത്തിൽത്തന്നെ നടപടികൾ നല്ലനിലയിൽ സ്വീകരിക്കുന്നുണ്ട്. പോലീസ് സംവിധാനത്തിനുള്ളിൽ അതിന് ഇടപെടലുകൾ നടക്കുന്നുണ്ട്.